പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 13 — 28.01.2019 ൽ മറുപടിക്ക്

## മുൻ മന്ത്രിസഭാംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിനുള്ള പെൻഷൻ ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സി ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മുൻ ഗ്രാമവികസന മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലെ കുക്കായി 2011-16 കാലയളവിൽ ജോലി ചെയ്ത മറിയാമ്മ ലോറൻസിന് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) ഇല്ല. 01.12.2010 ലെ സ.ഉ. കൈ.നം.391/2010/പൊഭവ നം. ഉത്തരവ് പ്രകാരം 55 വയസ്സിനുശേഷം സർവ്വീസിൽ പ്രവേശിച്ചവർക്ക് പെൻഷൻ കമ്മ്യൂട്ടേഷന് അർഹതയില്ല. കൂടാതെ 10.11.2018 തീയതിയിലെ സ.ഉ. കൈ.നം.425/2018/ധന പ്രകാരം 56 വയസ്സിനുശേഷം പേഴ്സണൽ സ്റ്റാഫിൽ നിയമനം ലഭിക്കുകയും തുടർന്ന് വിരമിക്കുകയും ചെയ്യുന്നവർക്ക് യാതൊരുവിധ പെൻഷനറി ആനുകൂല്യങ്ങൾക്കും അർഹതയില്ലാത്തതും 26.03.2012 മുതൽ ഈ ഉത്തരവിന് പ്രാബല്യം ഉണ്ടായിരുന്നതും ആണ്. ആയതിനാൽ 56 വയസ്സിനുശേഷം പേഴ്സണൽ സ്റ്റാഫിൽ നിയമിതയായ ശ്രീമതി മറിയാമ്മ ലോറൻസിന് നിലവിലെ വ്യവസ്ഥ പ്രകാരം പെൻഷനറി ആനുകൂല്യങ്ങൾക്ക് അർഹത യില്ലാത്തതാകുന്നു. |

| | |
|---|---|
| (ബി) മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ ഒന്നും വാങ്ങുകയില്ലെന്ന വ്യവസ്ഥയിൽ മന്ത്രിയുടെ സ്റ്റാഫിൽ ജോലി ചെയ്ത കാലത്തെ പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) നിലവിലുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ പെൻഷൻ അനുവദിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) മുൻ മന്ത്രിസഭാംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിലെ പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള 403 പേരിൽ എത്ര പേർക്ക് ഇതുവരെ പെൻഷൻ നൽകിയിട്ടുണ്ട്; വിശദമാക്കുമോ? | (സി) മുൻ മന്ത്രിസഭാംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിലെ പെൻഷൻ ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ 271 പേർക്ക് ഇതുവരെ പെൻഷൻ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |

Sandhya...

സെക്ഷൻ ഓഫീസർ